ഉത്തരം

(എ) സംസ്ഥാന പദ്ധതി വിഹിതത്തിൽ പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനായി House to Houseless പദ്ധതിക്ക് ലഭിച്ച അധിക ധനസഹായമായ 8000 ലക്ഷം രൂപ ഉൾപ്പെടെ 1120.92 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത തുകയിൽ 31-1-2016 വരെ 691.77 കോടിരൂപ അനുവദിക്കുകയുണ്ടായി. ആയതിൽ 627.24 കോടിരൂപ വിനിയോഗിക്കുക യുണ്ടായി.

പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ

251 (2531) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി.പി.സജീന്ദ്രൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാ നുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് പ്രത്യേക കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്നതും 2.5 KM ചുറ്റളവിനുള്ളിൽ മറ്റ് ആരോഗ്യസംവിധാന കേന്ദ്രങ്ങൾ നിലവിലില്ലാത്തതു മായ 29 പട്ടികജാതി കോളനികളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് 2011-12 സാമ്പത്തികവർഷം ഹോമിയോപ്പതി ഡയറക്ടർ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു. അപ്രകാരം ആരംഭിച്ച ഹോമിയോ ഹെൽത്ത് സെന്ററുകൾ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. 2011-12-നുശേഷം പുതിയ ഹോമിയോ ഹെൽത്ത് സെന്ററുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) 1. ഹോമിയോ ചികിത്സ രോഗികളായ പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.

2. പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുക.

3. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകുക.

4. മദ്യപാനം, പുകവലി, വെറ്റിലമുറുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് അവബോധം, ചികിത്സ എന്നിവ നൽകൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

(സി) 2011-12 സാമ്പത്തികവർഷം ഹോമിയോപ്പതി ഡയറക്ടർ 29 ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും അവയുടെ നടത്തിപ്പിനായി 165.93 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രസ്തുത വർഷം ഹോമിയോ ഹെൽത്ത് സെന്ററുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും 35.96 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2013-14 വർഷം പ്രസ്തുത ഹോമിയോ ഹെൽത്ത് സെന്ററുകളുടെ തുടർച്ചയ്ക്കായി 189.08 ലക്ഷം രൂപയും, 2014-15 വർഷം 206.48 ലക്ഷം രൂപയും അനുവദിച്ചിരുന്നു. 2015-16 വർഷം പ്രസ്തുത സെന്ററുകളുടെ തുടർച്ചയ്ക്കായി 206.48 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പ്രൊഫഷണൽ കോഴ്സുകൾക്ക് സ്കോളർഷിപ്പ്

252 (2532) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിവിഭാഗത്തിൽപ്പെട്ട ബി.ടെക്,എം.ടെക്, എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് വകുപ്പ് നൽകുന്ന സ്കോളർഷിപ്പുകളും ധനസഹായങ്ങളും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly